## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4776** **23.07.2015-ൽ മറുപടിയ്ക്ക്**

### മോഡൽ കോളനി വികസന പദ്ധതി

**ചോദ്യം**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | മോഡൽ കോളനി വികസന പദ്ധതിയിലുൾപ്പെട്ട കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) | ഉണ്ട്.<br>പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | ബി) | മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 5 കോളനികളിൽ ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. ഓരോ കോളനിയിലും വീട്, ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഭൂരഹിത പട്ടിക വർഗ്ഗക്കാർക്കുള്ള മോഡൽ ട്രൈബൽ കോളനി - 5 കോളനികളിലായി 125 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന (പി. എം) വകുപ്പ്

സ.ഉ.( സാധാ) 508/2012/പ.ജ.പ.വ.വി.വ. തീയതി 20-3-2012 തിരുവനന്തപുരം

---

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 10-2-2012 ലെ പി.എം1/11237/11 നമ്പർ കത്ത്

## <u>ഉത്തരവ്</u>

ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന 5 കോളനികളെ മോഡൽ കോളനികളായി ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതി പരാമർശ കത്തു പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

1. 'കുരിയോട്ടുമല' - കൊല്ലം ജില്ല
2. 'ചാലക്കയം' - പത്തനംതിട്ട ജില്ല
3. 'കാരാപ്പുഴ, }
4. വാകേരി, } വയനാട് ജില്ല
5. കുഞ്ഞോം' }

2.ഓരോ മോഡൽ കോളനികളിലും 25 വീടുകൾ വീതം മൊത്തം 125 വീടുകൾ കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം വീടൊന്നിന് 5.32 ലക്ഷം രൂപ വീതം 125 വീടിന് മൊത്തം 6.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

3. 16-2-2012 ന് ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് ടി പ്രൊപ്പോസൽ 'വീടൊന്നിന് 2.5 ലക്ഷം രൂപ വീതവും പൊതു സൗകര്യങ്ങൾക്കായി കോളനി ഒന്നിന് 1 ലക്ഷം രൂപ വീതവും ചെലവാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്ന വ്യവസ്ഥകളോടെ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി. എന്നാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം നടപ്പിലാക്കിയാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്വപ്ന പദ്ധതിയായ മോഡൽ ട്രൈബൽ കോളനികളുടെ രൂപീകരണം

യാഥാർത്ഥ്യമാക്കുവാൻ കഴിയുകയില്ലയെന്നതിനാലും മോഡൽ കോളനികൾ വിസ്തൃതി ഏറിയതും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഉള്ളതുമായ വീടുകൾ നിർമ്മിക്കേണ്ടത് എന്നതിനാലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 16-2-2012 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ എടുത്ത തീരുമാനം (ഇനം നമ്പർ - പുനഃപരിശോധിച്ചുകൊണ്ട് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട്, വകുപ്പിന്റെ സ്വപ്ന പദ്ധതിയായ മോഡൽ ട്രൈബൽ കോളനികളുടെ നിർമ്മാണത്തിനായി മേൽ സൂചിപ്പിച്ച ഓരോ കോളനികളിലും 25 വീടുകൾ വീതം 5 കോളനികളിൽ ആകെ 125 വീടുകൾക്കായി വീടൊന്നിന് 5.32 ലക്ഷം രൂപ(അഞ്ചുലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) നിരക്കിൽ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ നിന്നുകൊണ്ട് 6.65 കോടി രൂപ(ആറു കോടി അറുപത്തഞ്ചു ലക്ഷം രൂപ) 2225-02-800-64-കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദേവേന്ദ്രകുമാർ ദൊദാവത്ത്
സെക്രട്ടറി.

ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
പൊതുഭരണ (എസ് സി) വകുപ്പ് (16-3-2012 ലെ ഇനം നമ്പർ 1360 പ്രകാരം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.